# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5983

8-7-2013-ൽ മറുപടിക്ക്

## വിവാഹ പ്രായം 16 ആക്കിയ ഉത്തരവിന്റെ വിശദാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | മുസ്ലീം വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കി ചുരുക്കിയത് എന്താവശ്യത്തിനാണ്; | (എ) & (ബി) | മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കി ചുരുക്കിയിട്ടില്ല. പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സ് കുറവിലും നടത്തുന്ന വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന് കില ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നു. ഈ സാഹചര്യത്തിൽ പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിന് മുകളിൽ) നടന്നിട്ടുളള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ അത്തരം വിവാഹങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്തു നൽകുന്നതിൽ നിയമതടസ്സമില്ലെന്ന് സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ ഇത്തരം |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് ഇറക്കിയ പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തഃസത്തയെ ചോദ്യം ചെയ്യുന്നു എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

വിവാഹങ്ങൾ പല തദ്ദേശ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തു നൽകുന്നില്ല എന്നതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിനെ തുടർന്ന് ഇത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു നൽകുന്നതിന് കർശന നിർദ്ദേശം നൽകിക്കൊണ്ട് 14-6-2013 ലെ 35298/ആർസി3/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്ത:സത്തയ്ക്ക് ഭംഗം വരുത്തുന്നു എന്ന തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതു മൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതു കൊണ്ടും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്ത:സത്തയെ ഒരു തരത്തിലും

| | | | |
|---|---|---|---|
| | | | ബാധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല എന്നും എന്നാൽ ശൈശവവിവാഹ നിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുക എന്നത് കണക്കിലെടുത്തും 27-6-2013 വരെ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 27-6-2013 ലെ 41832/ആർസി3/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സർക്കുലർ നിയമസഭയുടെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | മന്ത്രിസഭ പ്രസ്തുത സർക്കുലറിന് അനുമതി നൽകിയോ; എങ്കിൽ എന്ന്; | (ഡി | ഇല്ല. |
| (ഇ) | സർക്കുലർ ഇറക്കാൻ ഉപദേശം നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; | (ഇ) | നിയമവകുപ്പിന്റെ ഉപദേശപ്രകാരം തദ്ദേശ് സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് സർക്കുലർ പുറപ്പെടുവിച്ചത്. |
| (എഫ്) | പ്രസ്തുത സർക്കുലർ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | സർക്കുലർ നിയമവിരുദ്ധമല്ല. എന്നാൽ ഇതു സംബന്ധിച്ച് ഉയർന്നു വന്ന ആക്ഷേപങ്ങളുടേയും സന്ദേഹങ്ങളുടേയും പശ്ചാത്തലത്തിൽ 27-6-2013 വരെ നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു കൊടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി പുതുക്കിയ |

സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ജി) സർക്കുലർ സംബന്ധിച്ച് (ജി) വകുപ്പിന്റെ നിഗമനം എന്ത്; | വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതു മൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയും എന്നാൽ ശൈശവവിവാഹ നിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുക എന്നത് കണക്കിലെടുത്തും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഇത് ഒരു സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നതുമായ സാഹചര്യത്തിലും 27-6-2013 വരെ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്തു നൽകുന്നതിനാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചത്. |

| | | | |
|---|---|---|---|
| (എച്ച്) | സർക്കുലർ നിയമ വകുപ്പ് പരിശോധിച്ചോ; എങ്കിൽ അവരുടെ റിപ്പോർട്ട് ലഭ്യമാക്കുമോ? | (എച്ച്) | നിയമവകുപ്പിന്റെ വിശദമായ പരിശോധനയ്ക്കുശേഷമാണ് സർക്കുലർ പുറത്തിറക്കിയത്. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഞാൻ കണ്ടു

നമ്പർ.25839/ഇ2/2012/നിയമം
66549/RC3/2012/LSGD

നിയമ(ഇ) വകുപ്പ്
തീയതി:13 -03-2013.

(4) കിലയുടെ ഡയറക്ടർ, ടിയാന്റെ 29-10-2012-ലെ കത്തിൽ ഉന്നയിച്ചിരിക്കുന്ന വ്യക്തത വരുത്തേണ്ട സംഗതി എന്തെന്നാൽ മുസ്ലീം കമ്മ്യൂണിറ്റിയിൽ രക്ഷിതാക്കളുടെ സമ്മതത്തോടെ പുരുഷന്മാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിലും കുറവു വരുന്ന സംഗതിയിൽ നടത്തുന്ന വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്നതാണ്.

(1957-ലെ മുസ്ലീം വിവാഹ നിയമത്തിൽ വിവാഹ സമയം പുരുഷന്മാർക്ക് 21 വയസ്സും സ്ത്രീകൾക്ക് 18 വയസ്സും തികഞ്ഞിരിക്കണമെന്ന് നിഷ്കർഷിക്കുന്നില്ല. ബഹു: കേരള ഹൈക്കോടതി, അബുബേക്കർ V മരിക്കാർ (AIR 1970 Ker 277) എന്ന കേസിന്റെ വിധിന്യായത്തിൽ താഴെപറയും പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

"Every Mohmedan who has attained puberty and who is of sound mind may enter into a contract of marriage".

2006 –ലെ ശൈശവ വിവാഹ നിരോധന നിയമ പ്രകാരം 21 വയസ്സ് തികയാത്ത പുരുഷനും, 18 വയസ്സ് പൂർത്തിയാകാത്ത സ്ത്രീയും തമ്മിലുള്ള വിവാഹം അസാധുവാണെന്ന് പറയുന്നില്ല. പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് താഴെപറയും പ്രകാരമാണ്.

"Every child marriage whether solemnized before or after the commencement of this Act, shall be voidable at the option of the contracting party who was a child at the time of the marriage.

RC 4

(5) ഈ സാഹചര്യത്തിൽ വിവാഹ സമയത്ത് പുരുഷന് 21 വയസ് തികയാതെയും സ്ത്രീയ്ക്ക് 18 വയസ്സ് തികയാതെയും നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടി വിവാഹം രജിസ്റ്റർ ചെയ്തു നല്കുന്നതിന് നിയമ പരമായി എന്തെങ്കിലും തടസ്സമുള്ളതായി കാണുന്നില്ല.

നമ്പർ. 25839/ഇ2/2014/നിയമം
നമ്പർ. 66549/RC3/2014/LSGD

നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി
സി.കെ. രാജശേഖരപണിക്കർക്കു വേണ്ടി.

Section Officer

നം.15371/ഇ 2/13/നിയമം                                                    27-06-2013

നം.903/വി.ഐ.പി/13/M(P&SW)

## കുറിപ്പ്

ബഹുമാനപ്പെട്ട പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ കുറിപ്പിനോടൊപ്പം അയച്ചുതന്ന കൊടി 'എ' യിലെ കരട് സർക്കുലർ പര്യാപ്തമാണ്.

സി.പി.രാമരാജ പ്രേമ പ്രസാദ്

Section Officer